പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2463      13.02.2013 -ൽ മറുപടിക്ക്.

<u>സാഫല്യം ഭവന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. എം. പി. വിൻസെൻറ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാഫല്യം ഭവന പദ്ധതി കൂടുതൽ ജില്ലകളിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഭവന നിർമ്മാണ ബോർഡിൻെറ കൈവശം ഒഴിവുള്ള രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി ഭൂമിയിലാണ് സാഫല്യം പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ, മറ്റു ജില്ലകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നിലവിൽ ആലോചന ഇല്ല. |
| (ബി ) സാഫല്യം ഭവന പദ്ധതിയുടെ ഗുണഭോക്തൃ മാനദണ്ഡങ്ങൾ എന്തെല്ലാം; | (ബി ) പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ സമീപ ങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളിലേയോ ദുർബലവിഭാഗത്തിൽ പ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിൻെറ ഗുണഭോക്താ ക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെര ഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee -ക്കായിരിക്കും.<br>ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന വിധം<br>(i) ഭൂ-ഭവനരഹിതരായ ദുർബലവിഭാഗ |

ക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

**(ii)** ടി ഡാറ്റാ ബാങ്കിൽ നിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാഫാറം ഫീസ് 10 രൂപ) യുക്തമായ നടപടി ക്രമത്തിലൂടെ ഗുണഭോക്താവിനെ **Beneficiary Selection Committee** തെരഞ്ഞെടുക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | സാഫല്യം പദ്ധതി പ്രകാരം നിലവിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്? | (സി) | പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ